LIBRARY ARCHIVES Kerala Legislative Assembly

**ഭക്ഷ്യ സുരക്ഷാ പദ്ധതി**

264 (1509) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര സർക്കാർ അനുശാസിക്കും പ്രകാരം ഭക്ഷ്യ സുരക്ഷ പദ്ധതി നടപ്പിലാക്കിയാൽ ഭൂരിപക്ഷം കാർഡുടമകളും പദ്ധതിക്ക് പുറത്താകും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേരളത്തിലെ എല്ലാ റേഷൻ ഉപഭോക്താക്കൾക്കും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്ന തരത്തിൽ ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

നിലവിൽ 582735 ലക്ഷം എ.എ.വൈ. കാർഡുകളിൽ ഉൾപ്പെട്ട 2797128 പേരും 1479612 ബി.പി.എൽ. കാർഡുകളിൽപ്പെട്ട 6806215 പേരും ചേർത്ത് ആകെ 9603343 ആളുകളാണ് ഉള്ളത്. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിൽ വരുമ്പോൾ 15480040 (ഒരു കോടി അൻപത്തിനാല് ലക്ഷത്തി എൺപതിനായിരത്തി നാൽപ്പത്) പേർ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടും. നിലവിലുള്ള ബി.പി.എൽ./എ.എ.വൈ. കാർഡുകളിലെ അർഹതയുള്ളവർ പുറത്താകുവാനുള്ള സാധ്യതയില്ല. എന്നാൽ അനർഹർ ഉണ്ടെങ്കിൽ പുറത്താകുന്നതാണ്.

**ഭക്ഷ്യ ഉപദേശക വിജിലൻസ് കമ്മിറ്റി**

265 (1510) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലമ്പൂർ താലൂക്കിൽ ഭക്ഷ്യ ഉപദേശക വിജിലൻസ് കമ്മിറ്റി കൂടാറില്ല എന്ന വിവരം അറിയാമോ; പ്രസ്തുത കമ്മിറ്റി പുനഃസംഘടിപ്പിക്കുവാനുള്ള ആലോചനയുണ്ടോ ?

<u>ഉത്തരം</u>

നിലമ്പൂർ താലൂക്കിൽ 21-8-2015-നാണ് താലൂക്ക്തല ഭക്ഷ്യ ഉപദേശക വിജിലൻസ് കമ്മിറ്റി അവസാനമായി യോഗം ചേർന്നത്. തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പും നിയമസഭാ തെരഞ്ഞെടുപ്പും റേഷൻ കാർഡ് പുതുക്കൽ എന്നിവയുമായി ബന്ധപ്പെട്ട ജോലികളുടെ ആധിക്യം മൂലമാണ് യഥാസമയം യോഗം ചേരാൻ കഴിയാതിരുന്നത്. പുതിയ അംഗങ്ങളെ ഉൾപ്പെടുത്തി ഭക്ഷ്യ ഉപദേശക വിജിലൻസ് സമിതികൾ പുനഃസംഘടിപ്പിച്ച് താലൂക്ക്തല ഭക്ഷ്യ ഉപദേശക വിജിലൻസ് സമിതികൾ അടിയന്തരമായി കൂട്ടുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.